**പ്രസിദ്ധീകരണത്തിന്**

## <u>കേരള നിയമസഭയിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.</u>

നിയമസഭാ മന്ദിരത്തിൽ വച്ച് കേരള ലെജിസ്ലേറ്റീവ് സെക്രട്ടേറിയറ്റ് സ്റ്റാഫ് അസോസിയേഷൻ (KLSSA) ബ്ലഡ് ഡോണേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. ഇന്ന് (27.04.2020) രാവിലെ 09.30 ന് നിയമസഭാ സെക്രട്ടറി ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ ഉദ്ഘാടനം നിർവഹിച്ച ക്യാമ്പിൽ 57 നിയമസഭാജീവനക്കാർ രക്തദാനം നടത്താൻ സന്നദ്ധരായി. ആശുപത്രികളിൽ അടിയന്തര ചികിത്സയ്ക്ക് രക്തം ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ രക്തദാനം നിർവഹിക്കാൻ സന്നദ്ധരായ ജീവനക്കാർക്ക് ബഹു. സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണൻ അഭിനന്ദനം അറിയിച്ചു.

NB: വാർത്തയ്ക്കായുള്ള വീഡിയോ ഇതോടൊപ്പം അയയ്ക്കുന്നു.